"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവല്ല നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നം.VC 01/2023/PTA - കുറ്റാരോപിതയായ ഫീമെയിൽ അറ്റൻഡന്റ് ശ്രീമതി. ഹസീന ബീഗം എസ്-ന് എതിരായി ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.3054/2025/LSGD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.03.2023 തീയതിയിലെ C1-(VC 01/2023/PTA) 10287/2023/DVACB നമ്പർ കത്ത്.
2. ശ്രീമതി. ഹസീന ബീഗം എസ്-ന് നൽകിയ 16.12.2024 തീയതിയിലെ ഇയു4/105/2023-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.11.2025 തീയതിയിലെ LSGD/PD/12993/2023-VIGB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ട്രാപ് കേസ് നമ്പർ VC 01/2O23/PTAലെ കുറ്റാരോപിതയായ തിരുവല്ല നഗരസഭയിലെ ഫീമെയിൽ അറ്റൻഡന്റ് ശ്രീമതി. ഹസീന ബീഗം എസ് എന്നവർ നഗരസഭയിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്രിസ് ഗ്ലോബൽസ് എന്ന ഏജൻസിയിൽ നിന്നും അനധികൃതമായി പണം വാങ്ങുന്നതിനിടെ 03/03/2023 തീയതി ഉച്ചയ്ക്ക് ശേഷം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പിടികൂടി അറസ്റ്റ് ചെയ്തതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടർ , ടിയാളെ 03.03.2023 പ്രാബല്യത്തിൽ സർവിസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു.

2. മേൽ വിഷയത്തിൽ ശ്രീമതി. ഹസീന ബീഗം. എസ് -നെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) കുറ്റാരോപണ മെമ്മോ/പത്രിക പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുത്തിരുന്നു. ടിയാൾ 08.07.2025 തീയതിയിൽ കുറ്റാരോപണ മെമ്മോ കൈപ്പറ്റിയിതായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ചാർജ് മെമ്മോ കൈപ്പറ്റി 5 മാസത്തോളം ആയിട്ടും ടിയാൾ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ ടിയാൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകാവുന്നതും KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

3. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത ട്രാപ് കേസ് നം. VC 01/2023/PTA -ൽ കുറ്റാരോപിതയായ തിരുവല്ല നഗരസഭയിലെ ഫീമെയിൽ അറ്റൻഡന്റ് ആയിരുന്ന ശ്രീമതി. ഹസീന ബീഗം എസ്-നെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഇന്റേണൽ വിജിലൻസ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്, (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി. ഹസീന ബീഗം എസ് , മുൻ ഫീമെയിൽ അറ്റൻഡന്റ്, തിരുവല്ല നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/105/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-12-2025 10:19:18
സെക്ഷൻ ഓഫീസർ